റീജിയണൽ മാനേജരെ സ്പെഷ്യൽ ഡ്യൂട്ടി (ഓഡിറ്റ്) ആയി നിയമിച്ചിട്ടുണ്ട്. മറ്റൊരു റീജിയണൽ മാനേജരെ ഗുരുതരമായ ക്രമക്കേടുകൾ കാണിച്ചതിനെ തുടർന്ന് സസ്പെന്റ് ചെയ്യുകയും പിന്നീട് തിരിച്ചെടുത്തതിനുശേഷം നടപടിക്ക് വിധേയമായി റീജിയണൽ മാനേജരുടെ ജോലിയിൽ നിന്നും മാറ്റിനിർത്തുകയും ചെയ്തിട്ടുണ്ട്. മേൽ രണ്ടു റീജിയണൽ മാനേജർമാർക്ക് പകരം തൊട്ടുതാഴെയുള്ള രണ്ടുപേർക്ക് റീജിയണൽ മാനേജർമാരുടെ ചാർജ്ജ് നൽകിയിട്ടുണ്ട്. ഭരണപരമായ സൗകര്യം കണക്കിലെടുത്താണ് ഇത് ചെയ്തിരിക്കുന്നത്.

(ഡി) അവരുടെ പദവിയിൽ നിന്നും തരം താഴ്ത്തിയിട്ടില്ല.

കൈത്തറി നെയ്ത്ത് സഹകരണ സംഘങ്ങളുടെ പുനരുദ്ധാരണം

34 (2031) ശ്രീ. എളമരം കരീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ കൈത്തറി നെയ്ത്ത് സഹകരണ സംഘങ്ങളുടെ പുനരുദ്ധാരണത്തിന് എന്തെങ്കിലും പദ്ധതി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ;

(ബി) കൈത്തറി മേഖലയിലെ റിബേറ്റ് തട്ടിപ്പുമായി ബന്ധപ്പെട്ട് എത്ര സഹകരണ സംഘങ്ങളുടെ പേരിൽ നടപടി സ്വീകരിച്ചു ;

(സി) സ്വീകരിച്ച നടപടി എന്തൊക്കെയാണെന്ന് വിശദമാക്കാമോ ?

ഉത്തരം

(എ) ഫാക്ടറി മാതൃകയിലുള്ള കൈത്തറി നെയ്ത്തു സഹകരണ സംഘങ്ങളുടെ പുനരുദ്ധാരണത്തിനായി സർക്കാർ താഴെ പറയുന്ന പദ്ധതികൾ നടപ്പിലാക്കിവരുന്നു. ഇ.എസ്.ഐ., ജി.പി.എഫ്. കുടിശ്ശിക അടയ്ക്കുന്നതിന് പരമാവധി 2 ലക്ഷം രൂപയും, മാനേജീരിയൽ ഗ്രാന്റായി 2 ഉദ്യോഗസ്ഥന്മാരുടെ ശമ്പളം ആദ്യവർഷം 2000 രൂപ നിരക്കിലും രണ്ടാം വർഷം 1750 രൂപ നിരക്കിലും 3-ഉം 4-ഉം 5-ഉം വർഷങ്ങളിൽ 1500 രൂപ നിരക്കിലും ഗ്രാന്റായി സംഘങ്ങൾക്ക് നൽകിവരുന്നു. കൂടാതെ സംഘത്തിലെ 10 തൊഴിലാളികൾക്ക് വീട് പണിയുന്നതിന് വീടൊന്നിന് 15,000 രൂപ വായ്പയായും 10,000 രൂപ ഗ്രാന്റായും പ്രവർത്തന മൂലധനമായി തറിയൊന്നിന് 7,000 രൂപ പരമാവധി 3.5 ലക്ഷം രൂപ വരെ വായ്പയായും നൽകിവരുന്നു. നെയ്ത്തുകാരുടെ പരിശീലനം, തറികൾ ആധുനീകരിക്കൽ, ഉല്പന്ന വികസനം, പണിശാലയോടു കൂടിയ വീട്, പണിശാല, കോമൺ ഫെസിലിറ്റി സെന്റർ, പ്രോസസിംഗ് യൂണിറ്റുകൾ എന്നിവ തുടങ്ങുന്നതിനും കൂടാതെ വിപണിത്തിനാവശ്യമായ സഹായങ്ങൾ പ്രവർത്തന മൂലധനത്തിനുള്ള മാർജിൻ മണി എന്നിവ ലഭ്യമാക്കുന്നതിനുമുള്ള പദ്ധതികൾ നടപ്പിലാക്കിവരുന്നു.

(ബി) റിബേറ്റ് തട്ടിപ്പുമായി ബന്ധപ്പെട്ട് വിജിലൻസ് വകുപ്പിന്റെ റിപ്പോർട്ട് പ്രകാരവും ധനകാര്യ ഇൻസ്പെക്ഷൻ വിംഗിന്റെ റിപ്പോർട്ട് പ്രകാരവും കൈത്തറി ഡയറക്ടറേറ്റും ജില്ലാ വ്യവസായ കേന്ദ്രം ജനറൽ മാനേജർമാരും നേരിട്ടും നടത്തിയ അന്വേഷണങ്ങളുടെ വെളിച്ചത്തിൽ കേരളത്തിലെ വിവിധ

LIBRARY ARCHIVES Kerala Legislative Assembly

കൈത്തറി സഹകരണ സംഘങ്ങളുടെ പേരിലുള്ള നടപടികൾ വിവിധ ഘട്ടങ്ങളിലായിട്ട് തുടർന്നുകൊണ്ടിരിക്കുകയാണ്.

(സി) റിബേറ്റ് തിരിമറി നടത്തി എന്ന് അന്വേഷണത്തിൽ കണ്ടുപിടിക്കപ്പെട്ടിട്ടുള്ള സംഘങ്ങളുടെ പേരിൽ റിബേറ്റ് ക്ലെയിം നിരാകരിക്കുക, തടഞ്ഞുവയ്ക്കുക, സർക്കാരിൽ നിന്നും ഇതര ഏജൻസികളിൽ നിന്നും ലഭിക്കേണ്ടതായ സാമ്പത്തിക സഹായങ്ങൾ തടഞ്ഞുവയ്ക്കുക തുടങ്ങിയ വിവിധ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

സ്വകാര്യ മേഖലയിലുള്ള തുണിമില്ലുകളുടെ പ്രശ്നങ്ങൾ പഠിക്കാൻ സമിതി

35 (2032) ശ്രീ. തോമസ് ചാഴികാടൻ :
ശ്രീ. കെ. എം. മാണി :
ശ്രീ. സി. എഫ്. തോമസ് :
ശ്രീ. കെ. നാരായണക്കുറുപ്പ് :
ശ്രീ. മാമ്മൻമത്തായി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സ്വകാര്യമേഖലയിലുള്ള തുണിമില്ലുകളുടെ പ്രശ്നങ്ങൾ പഠിക്കാൻ സമിതിയെ നിയോഗിച്ചിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ പ്രസ്തുത സമിതിയുടെ ടേംസ് ഓഫ് റഫറൻസ് എന്തൊക്കെയാണെന്നും അവരുടെ റിപ്പോർട്ട് എപ്പോൾ ലഭിക്കുമെന്നും വ്യക്തമാക്കാമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) സ്വകാര്യമേഖലയിലെ തുണിമില്ലുകൾ നേരിടുന്ന പ്രധാന പ്രശ്നങ്ങളും അവയ്ക്കുള്ള പരിഹാരമാർഗ്ഗങ്ങളും നിർദ്ദേശിക്കാനാണ് ഈ സമിതിയെ ചുമതലപ്പെടുത്തിയിരിക്കുന്നത്. ടി സമിതിയുടെ റിപ്പോർട്ട് ജൂലൈ 2000-ൽ തന്നെ ലഭിക്കുന്നതാണ്.

ഹാന്റെക്സിന്റെ പോളിത്തീൻ കവർ നിർമ്മാണം

36 (2033) ശ്രീ. കെ. പി. എ. മജീദ് :
ശ്രീ. പി. കെ. കെ. ബാവ :
ശ്രീ. സി. മൊയിൻകുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പോളിത്തീൻ കവർ ഉപയോഗം സർക്കാർ നിരോധിച്ചിട്ടുണ്ടോ ;

(ബി) ഹാന്റെക്സിൽ ഇപ്പോൾ എത്ര ലക്ഷം പോളിത്തീൻ കവർ സ്റ്റോക്കുണ്ട് ;

(സി) വീണ്ടും പോളിത്തീൻ കവർ നിർമ്മിക്കുന്നതിന് ഓർഡർ നൽകിയിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly